**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 132** **04-10-2021 - ൽ മറുപടിയ്ക്ക്**

**ജയിലിൽ തടവുകാരുടെ ഫോൺ വിളി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ ഭരണപക്ഷ രാഷ്ട്രീയ പാർട്ടികളുമായി ആഭിമുഖ്യം പുലർത്തുന്ന തടവുകാർക്ക് മൊബൈൽ ഫോൺ അടക്കമുള്ള സൗകര്യം ലഭിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഇല്ല. |
| (ബി) | ടി.പി. കേസ് പ്രതിയും തൃശ്ശൂരിലെ ഫ്ലാറ്റ് കൊലക്കേസ് പ്രതിയും വിയ്യൂർ ജയിലിൽ നിന്നും ആയിരത്തിലധികം ഫോൺവിളിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിൽ ജയിൽ ഉദ്യോഗസ്ഥർ ക്രിമിനലുകൾക്ക് ഒത്താശ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജയിലിലെ ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടെ തടവുകാരിൽ ചിലർ ജയിലിനുള്ളിൽ പാലിക്കേണ്ട ചട്ടങ്ങൾ ലംഘിക്കുകയും ജയിൽ സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ചില പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജയിൽ മേധാവി സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയും വീഴ്ചകളുടെ ഗൗരവവും കണക്കിലെടുത്ത് വിയ്യൂർ സെൻട്രൽ ജയിലിൽ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ജോയിന്റ് സൂപ്രണ്ട് എന്നിവരെ സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജയിലുകളിലെ ഫോൺ വിളിയുമായി ബന്ധപ്പെട്ട് ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി. വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഈ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | ജയിലിലെ അച്ചടക്ക ലംഘനവും അതിൽ ഉദ്യോഗസ്ഥരുടെ പങ്ക് സംബന്ധിച്ചും അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ ചില ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി. വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | ജയിൽ മേധാവിയുടെ ശിപാർശയും വീഴ്ചകളുടെ ഗൗരവവും കണക്കിലെടുത്ത് വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. വീഴ്ച കണക്കിലെടുത്ത് ജോയിന്റ് |

| | | | |
|---|---|---|---|
| | | | സൂപ്രണ്ടിനെയും ഡെപ്യൂട്ടി പ്രിസൺ ഓഫീസറെയും സ്ഥലംമാറ്റിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ